## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7982

### 16.07.2014 – ലെ മറുപടിയ്ക്ക്

### 2011 മെയ് മാസത്തിനുശേഷം ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിൽ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) 2011 മെയ് മാസത്തിനുശേഷം ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; | 2011 മെയ് മാസത്തിനു ശേഷം ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിൽ ആകെ 12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം തസ്തികകൾ ആണ് സൃഷ്ടിച്ചത്; | ജോയിന്റ് ഡയറക്ടർ -3, ഓഡിറ്റ് ഓഫീസർ-1, ഓഡിറ്റർ-2, ടൈപ്പിസ്റ്റ്-3, പ്യൂൺ-3 എന്നീ തസ്തികകൾ ആണ് സൃഷ്ടിച്ചത്. |
| (സി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളിലേക്കായാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചത് ? | ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് വിഭാഗങ്ങൾ കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, എറണാകുളം, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, മുളങ്കുന്നത്തുകാവ്, തൃശൂർ എന്നിവിടങ്ങളിൽ രൂപീകരിക്കുന്നതിനാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചത്. |

| | |
|---|---|
| (ഡി) ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ